# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370

## വാർത്താക്കുറിപ്പ്

**2023 ഡിസംബർ 4**

---

**അപേക്ഷാ സമയപരിധി നീട്ടി**

## പ്രൈവറ്റ് രജിസ്ട്രേഷൻ;12 കോഴ്സുകൾക്കു കൂടി അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ബിരുദ, ബിരുദാനന്തര തലങ്ങളിലായി 12 പുതിയ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾക്കുകൂടി അപേക്ഷ ക്ഷണിച്ചു. ഇതിൽ എട്ടെണ്ണം ബിരുദ കോഴ്സുകളും നാലെണ്ണം ബിരുദാനന്തര ബിരുദ കോഴ്സുകളുമാണ്.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക് എന്നീ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ബി.എ കോഴ്സുകളും ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി ബി.എ കോഴ്സുകളുമാണ് ബിരുദതലത്തിലുള്ളത്.

ബിരുദാനന്ത തലത്തിൽ ഇംഗ്ലീഷ്, മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ എം.എ കോഴ്സുകൾക്കും ഹിസ്റ്ററി, സോഷ്യോളജി എം.എ കോഴ്സുകൾക്കും അപേക്ഷിക്കാം.

പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഡിസംബർ 15വരെ നീട്ടിയിട്ടുണ്ട്. പിഴയോടു കൂടി ഡിസംബർ 16 മുതൽ 31 വരെയും സൂപ്പർ ഫൈനോടു കൂടി ജനുവരി ഒന്നു മുതൽ 15 വരെയും അപേക്ഷകൾ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/1419/2023)

## ഇസ്രയേൽ-പലസ്തീൻ സംഘർഷത്തിന് സൈനികേതര പരിഹാരത്തിന്റെ വഴി തേടണം-പ്രഫ. ബർണാഡ് ഹെക്കൽ

ഇസ്രയേൽ-പലസ്തീൻ സംഘർഷത്തിന് സൈനികേതര മാർഗങ്ങളിലൂടെ ശാശ്വത പരിഹാരത്തിന് ശ്രമിക്കണമെന്ന് അമേരിക്കയിലെ പ്രിൻസ്റ്റൺ സർവകലാശാലയിലെ ആധ്യാപകൻ പ്രഫ. ബർണാഡ് ഹെക്കൽ നിർദേശിച്ചു. മഹാത്മാ ഗാന്ധി

സർവകലാശാലയിലെ നെൽസൺ മണ്ടേല ചെയർ ഫോർ ആഫ്രോ-ഏഷ്യൻ സ്റ്റഡീസിന്റെ ഈ വർഷത്തെ ആദ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു ചെയർ പ്രഫസർകൂടിയായ അദ്ദേഹം.

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ നെൽസൺ മണ്ടേല ചെയറിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ഡീൻ പ്രഫ. വി. ദിനേശൻ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, മുൻ ഡയറക്ടർ ഡോ. എ.എം. തോമസ്, നെൽസൺ മണ്ടേല ചെയർ കോ-ഓർഡിനേറ്റർ ഡോ. എം.വി. ബിജുലാൽ, ഡോ. അപർണ ഈശ്വരൻ എന്നിവർ സംസാരിച്ചു.

***ഫോട്ടോ ക്യാപ്ഷൻ...***

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നെൽസൺ മണ്ടേല ചെയർ ഫോർ ആഫ്രോ-ഏഷ്യൻ സ്റ്റഡീസിന്റെ പ്രവർത്തനോദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു. പ്രഫ വി. ദിനേശൻ, ഡോ. സി. വിനോദൻ, പ്രഫ. ബെർണാഡ് ഹെക്കൽ, ഡോ. എം.വി. ബിജുലാൽ, ഡോ. എ.എം. തോമസ് എന്നിവർ സമീപം.
(പി.ആർ.ഒ/39/1420/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി, എം.എ (2022 അഡ്മിഷൻ റെഗുലർ) പരീക്ഷകൾക്ക് ഡിസംബർ 12വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഫൈനോടുകൂടി ഡിസംബർ 13നും സൂപ്പർ ഫൈനോടുകൂടി 14നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/1421/2023)

## പി.എസ്.സി പരീക്ഷാ പരിശീലനം

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഡിഗ്രി ലെവൽ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായി എം.ജി. സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി ആരംഭിക്കുന്നു. 22 ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഡിസംബർ എട്ടിനു മുൻപ് 0481 2731025 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം.
(പി.ആർ.ഒ/39/1422/2023)

## സർവകലാശാലാ രജിസ്ട്രാർ നിയമനം;
## ഡിസംബർ 15 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലാ രജിസ്ട്രാറുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഡിസംബർ 15വരെ നീട്ടി. അപേക്ഷകരുടെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥയിലും മാറ്റം വ

രുത്തിയിട്ടുണ്ട്. 2023 ജനുവരി ഒന്നിന് 45 വയസിൽ കുറയാത്തവരെയാണ് പരിഗണിക്കുന്നത്.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റും അനുബന്ധ രേഖകളും ഡിസംബർ 20ന് അഞ്ചിന് വൈകുന്നേരം അഞ്ചിനു മുൻപ് സർവകലാശാലയിൽ ലഭിക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1423/2023)

## <u>പ്രാക്ടിക്കൽ</u>

അഞ്ചാം സെമസ്റ്റർ ബി.വോക് കളിനറി ആർട്സ് ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്(2021 അഡ്മിഷൻ റെഗുലർ, 2020, 2019, 2018 അഡ്മിഷനുകൾ റീ അപ്പിയറൻസ്-ന്യൂ സ്കീം ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 11 മുതൽ ആലുവ സെന്റ് സേവ്യേഴ്സ് കോളജ് ഫോർ വിമനിൽ നടത്തും.

മോഡൽ 1 ആനുവൽ സ്കീം ബി.എസ്.സി ബോട്ടണി പാർട്ട് 3 മെയിൻ പേപ്പറുകൾ(അദാലത്ത് മെഴ്സി ചാൻസ്-യു.ജി.സി സ്പോൺസേഡ് ആനുവൽ സ്കീം ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 18 മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടക്കും.

(പി.ആർ.ഒ/39/1424/2023)

## <u>പരീക്ഷാ ഫലം</u>

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം(മോഡൽ 1,2,3 -2021 അഡ്മിഷൻ റെഗുലർ, മെയ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 17വരെ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/1425/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**